MATHRUBHUMI - 19-11-2025

### കായലിനുമേൽ പായൽ പരന്നു

# മത്സ്യത്തൊഴിലാളികളുടെ ജീവിതവഴിയടഞ്ഞു

തോപ്പുംപടി ▸ കായലിനുമീതെ പച്ചവിരിച്ചതുപോലെ പായൽ നിറയുന്നു. ഒറ്റനോട്ടത്തിൽ കായലാണെന്ന് തിരിച്ചറിയാൻ പോലുമാകാത്ത സ്ഥിതി. കൊച്ചി മേഖലയിൽ ചെറിയ തോടുകളിലൊക്കെ പായൽ നിറഞ്ഞിരിക്കുകയാണ്. കുട്ടനാടൻ പ്രദേശങ്ങളിൽ നിന്നെത്തുന്ന പോളപ്പായൽ വേമ്പനാട് കായലിലും കൈവഴികളിലുമൊക്കെ നിറഞ്ഞു. കൊച്ചിയുടെ ജലാശയങ്ങളൊക്കെ ശ്വാസംമുട്ടിയ നിലയിലാണ്. മത്സ്യത്തൊഴിലാളികൾക്ക് കായലിലേക്ക് ഇറങ്ങാനാകുന്നില്ല. മാസങ്ങളായി കായലിൽ വള്ളമിറക്കാനാകുന്നില്ല. ഇടക്കൊച്ചി, കുമ്പളങ്ങി, കണ്ണമാലി, പള്ളുരുത്തി മേഖലകളിൽ ഊന്നൻ മീൻപിടിത്തം നിലച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളി സമൂഹം പട്ടിണിയിലേക്കാണ് നീങ്ങുന്നത്. പായൽ നിറഞ്ഞുകിടക്കുന്നതിനാൽ അടിത്തട്ടിലേക്ക് സൂര്യപ്രകാശം എത്തില്ല. ഇത് മത്സ്യങ്ങളുടെ വളർച്ച തടയുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

കാലാവസ്ഥ അനുകൂലമായതിനാൽ പോളപ്പായൽ തഴച്ചുവളരുകയാണ്. പായൽക്കൂട്ടം പതിയെ സഞ്ചരിച്ച് കൊച്ചി അഴിമുഖത്തേക്കാണ് പോകുന്നത്. അവിടെ നിന്ന് കടലിലേക്ക് ഒഴുകും. പായൽശല്യം മത്സ്യബന്ധന മേഖലയിൽ വലിയ നഷ്ടമാണുണ്ടാക്കുന്നത്. കായലിൽനിന്ന് ഈ സീസണിൽ കിട്ടുന്ന മത്സ്യമൊന്നും പിടിച്ചെടുക്കാനാകുന്നില്ല. കമ്പവലകളോ, ഊന്നിവലകളോ പ്രവർത്തിപ്പിക്കാനാകുന്നില്ല.

ഇടക്കൊച്ചി, പള്ളുരുത്തി മേഖലകളിൽ ഊന്നിക്കുറ്റികൾ ഒടിഞ്ഞുവീഴുന്നു. പലതവണ ഊന്നികൾ മാറ്റിത്തറയ്ക്കേണ്ടി വരുന്നുമുണ്ട്. പണി നടക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾ തൊഴിൽ തേടി മറ്റ് മേഖലകളിലേക്ക് പോകുകയാണ്. ഇപ്പോഴും കാണുന്ന പായൽ ഉടനെയൊന്നും നീങ്ങില്ല. പായൽ നീക്കുന്നതിന് ഒരു നടപടിയുമുണ്ടാകുന്നുമില്ല. പോളപ്പായൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും അവ നീക്കുന്നതിന് കാര്യമായ ചർച്ചകളൊന്നും നടക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾ എല്ലാക്കാലത്തും നേരിടുന്ന പ്രശ്നമാണിത്. പായൽ അതിന്റെ ഉറവിടത്തിൽ തന്നെ നശിപ്പിക്കണമെന്നാണ് മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യം. പക്ഷേ അതിന് നടപടിയുണ്ടാകുന്നില്ല. നേരത്തേ കുട്ടനാടൻ പാടശേഖരങ്ങളിൽനിന്ന് പായൽ ശേഖരിച്ച് നശിപ്പിക്കുന്നതിന് പദ്ധതിയുണ്ടായിരുന്നു. ഇപ്പോഴും അതിന് പരിഹാര നടപടിയൊന്നുമുണ്ടാകുന്നില്ലെന്നാണ് തൊഴിലാളികളുടെ പരാതി.



പള്ളുരുത്തി മുണ്ടംവേലി പണ്ടാരച്ചാലിൽ പോളപ്പായൽ അടിഞ്ഞപ്പോൾ